പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ T 3113

15.02.2013 ൽ
മറുപടിയ്ക്ക്

## നെല്ല് സംഭരണത്തിലെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ ; | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും<br>ഉപഭോക്തൃ സംരക്ഷണവും<br>രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഇപ്പോൾ കർഷകരിൽ നിന്നും സ്വകാര്യ മില്ലുകൾ ഉയർന്ന വിലയ്ക്ക് നേരിട്ട് നെല്ല് സംഭരിക്കുവാൻ തുടങ്ങിയതോടെ നെല്ല് സംഭരണം പ്രതിസന്ധിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) സപ്ലൈകോയുടെ നെല്ല് സംഭരണത്തിൽ ഇതുവരെ യാതൊരു പ്രതിസന്ധിയും ഇല്ല. |
| ബി) സംഭരണവില ഉയർത്തിയില്ലെങ്കിൽ രണ്ടാം വിളയിലെ നെല്ല് സംഭരണം അവതാളത്തിലാകുമെന്ന് കരുതുന്നുണ്ടോ ; വിശദമാക്കുമോ ; | ബി) ഇല്ല. |
| സി) ഇതുകാരണം സംഭരണത്തിന് സപ്ലൈകോയിൽ രജിസ്റ്റർ ചെയ്ത കർഷകരുടെ എണ്ണം കഴിഞ്ഞ പ്രാവശ്യത്തേക്കാൾ കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | സി) 2012-13 ഒന്നാം സീസണിൽ രജിസ്റ്റർ ചെയ്ത കർഷകരുടെ എണ്ണത്തിൽ കുറവ് വന്നിട്ടില്ല. 2012-13 രണ്ടാം സീസണിലെ രജിസ്ട്രേഷൻ ആരംഭിച്ചിട്ടേയുള്ളൂ. |
| ഡി) നിലവിൽ എത്ര രൂപയ്ക്കാണ് നെൽ കർഷകരിൽ നിന്നും സപ്ലൈകോ നെല്ല് സംഭരിക്കുന്നത് ; ആയത് സ്വകാര്യ മില്ലുകാർ എത്ര രൂപ വരെ നൽകി നെല്ല് സംഭരിക്കുന്നു ; ഇത് പൊതുമാർക്കറ്റിൽ അരിക്ക് വില വർദ്ധിപ്പിക്കുവാൻ കാരണമാകുന്നില്ലേ ; വിശദമാക്കുമോ ; | ഡി) കി.ഗ്രാമിന് 17 രൂപ നിരക്കിലാണ് സപ്ലൈ കോ കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നത്. സ്വകാര്യമില്ലുകാർ നെല്ലു സംഭരിക്കുന്ന വിവരം ലഭ്യമല്ല. |
| ഇ) നടപ്പുവർഷം നാളിതുവരെ നെൽ കർഷകർക്ക് എത്ര തുകയുടെ കുടിശ്ശികയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കൊടുത്തുതീർക്കാനുള്ളത് ; ഇതുമൂലം ആയിരക്കണക്കിന് കർഷകർ കടക്കെണിയിൽ നട്ടം തിരിയുന്നതായി ശ്രദ്ധയിൽ പ്പെട്ടുവോ ; വിശദമാക്കുമോ ; | ഇ) 2012-13 ഒന്നാം സീസണിൽ സംസ്ഥാനത്തു നിന്നും സംഭരിച്ച നെല്ലിന്റെ വില മുഴുവൻ കർഷകർക്ക് നൽകികഴിഞ്ഞിട്ടുണ്ട്. 1361308.61 ക്വിന്റൽ നെല്ലിന്റെ വിലയായ 231,42,24,637/- രൂപയിൽ 231,37,79,628/- രൂപ കർഷകരുടെ അക്കൗണ്ടിലേക്ക് നൽകി കഴിഞ്ഞു. കർഷകർ കൃത്യമായ വിവരങ്ങൾ നൽകാത്തതുമൂലം സൂക്ഷ്മപരിശോധന പൂർത്തിയാക്കാൻ കഴിയാത്ത 11 പാഡി റസീറ്റ് ഷീറ്റുകൾക്ക് മാത്ര |

മാണ് ഇനി പണം നൽകുവാനുള്ളത്. ഇത് 4,45,009 രൂപയാണ്. കർഷകർ കൃത്യമായ വിവരങ്ങൾ നൽകുന്ന മുറയ്ക്ക് കൊടുത്തു തീർക്കുന്നതാണ്.

എഫ്) സിവിൽ സപ്ലൈസ് കോർപ്പറേഷനെ കൂടാതെ സഹകരണ ബാങ്കുകളെയും ഉൾപ്പെടുത്തി നെല്ല് സംഭരണം ശക്തമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

എഫ്) സ്വീകരിക്കും. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നേരിട്ട് നെല്ല് സംഭരിക്കാത്ത സ്ഥലങ്ങളിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി നെല്ല് സംഭരിച്ച് കൺസ്യൂമർ ഫെഡറേഷന് നൽകി വരുന്നു. ഇതുകൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ